**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *106 11.07.2016 -ലെ മറുപടിയ്ക്ക്

## കേരള സർവ്വകലാശാലയുടെ വിദൂര വിദ്യാഭ്യാസ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. വീണാ ജോർജ്ജ്<br>ശ്രീ. ഡി.കെ. മുരളി<br>,, ആർ. രാജേഷ്<br>,, സി.കെ. ഹരീന്ദ്രൻ | പ്രൊഫ. സി രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സർവ്വകലാശാലകൾ നടത്തുന്ന വിദൂര വിദ്യാഭ്യാസ പദ്ധതികൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ സർവ്വകലാശാലകൾ നടത്തുന്ന വിദൂര വിദ്യാഭ്യാസ പദ്ധതികൾ സർവ്വകലാശാലകൾ നേരിട്ട് നടത്തുന്നവയായതിനാൽ സർക്കാർ വിലയിരുത്തൽ നടത്തിയിട്ടില്ല. |
| (ബി) | കേരള സർവ്വകലാശാലയുടെ വിദൂര വിദ്യാഭ്യാസ പദ്ധതി നിന്നുപോകുവാനിടയായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | യു ജി സി നിഷ്കർഷിച്ച തരത്തിലുള്ള അഫിഡവിറ്റിലെ ചില നിബന്ധനകളിൽ (ചില കോഴ്സുകൾ നിർത്തലാക്കുക, ലേണേഴ്സ് സപ്പോർട്ട് സെന്ററുകളുടെ പ്രവർത്തനം നിർത്തുക മുതലായവ). നയപരമായ തീരുമാനമെടുക്കുന്നതിനുള്ള കാലതാമസം മൂലം അഫിഡവിറ്റ് സമയബന്ധിതമായി യു ജി സിയ്ക്ക് സമർപ്പിക്കാൻ സർവ്വകലാശാലയ്ക്ക് കഴിയാതെ വന്നു. എന്നാൽ അതിനു പകരം സമർപ്പിച്ച സമ്മത പത്രങ്ങൾ ഒന്നും തന്നെ പരിഗണിക്കാതെ യു. ജി. സി കേരള സർവ്വകലാശാലയുടെ വിദൂര വിദ്യാഭ്യാസത്തിനുള്ള അനുമതി പിൻവലിക്കുകയായിരുന്നു. |
| (സി) | പ്രസ്തുത പദ്ധതി പുന:സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികളാണ് | (സി) | അംഗീകാരം പുന:സ്ഥാപിക്കുന്നതിനുള്ള അപേക്ഷയും നിബന്ധനകൾ പൂർണ്ണമായും അംഗീകരിച്ച് കൊണ്ടുള്ള |

| | | | |
|---|---|---|---|
| | സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | | അഫിഡവിറ്റും യു. ജി. സി. യ്ക്ക് സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം ലഭിക്കുന്നതിനായി യൂണിവേഴ്സിറ്റി അധികാരികൾ യുജിസിയുമായി നിരന്തരമായി സമ്പർക്കം പുലർത്തി വരുന്നു. |
| (ഡി) | പ്രസ്തുത പദ്ധതി കൂടുതൽ ആകർഷകമായ കോഴ്സുകൾ ഉൾപ്പെടുത്തിയും സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ചും അക്കാദമിക്ക് നിലവാരം ഉയർത്തിയും പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കാമോ? | (ഡി) | യു. ജി .സി. നിഷ്കർഷിക്കുന്ന നിബന്ധനകൾ പാലിച്ച്കൊണ്ട് നടപടികൾ സ്വീകരിക്കാവുന്നതാണ്. |

Saradadevi

സെക്ഷൻ ഓഫീസർ